LIBRARY ARCHIVES Kerala Legislative Assembly

Unstarred Questions

അതിഥിമന്ദിരങ്ങൾ

൨൦. (൧) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യസംസ്ഥാനമായ കൊച്ചി തിരുവിതാംകൂറിൽ എത്ര അതിഥിമന്ദിരങ്ങൾ ഉണ്ട്?

(ബി) ഈ അതിഥിമന്ദിരങ്ങളിൽ ഓരോന്നിനും കൊല്ലത്തിൽ എത്ര മെയിന്റനൻസ് ചിലവുവരുന്നുണ്ട്.

(സി) ഈ സ്ഥലങ്ങളിൽ തൃശ്ശൂർ ഡിസ്ട്രിക്ടിൽപ്പെട്ടതു് എത്രയെണ്ണം ഉണ്ട്.

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ൧൮.

(ബി) അടിയിൽ പറയുന്ന കെട്ടിടങ്ങൾക്ക് ൧൯൫൦-൫൧ ൭½മാസത്തേക്ക് അനുവദിച്ചിട്ടുള്ള തുക എതിരെ ചേർത്തിരിക്കുന്നു.

൧. സ്റ്റേറ്റ് ഗസ്റ്റ് ഹൗസ് തിരുവനന്തപുരം.	ക. ൭,൦൧൫൯.
൨. റസിഡൻസി തിരുവനന്തപുരം.	
൩. പത്മവിലാസ്, തിരുവനന്തപുരം.	
തിരുവനന്തപുരത്ത് മറ്റുള്ള അതിഥി മന്ദിരങ്ങൾ.	
൪. ഗസ്റ്റ്ഹൗസ് എറണാകുളം.	൧൦,൩൩൮.
൫. ടി തൃശ്ശൂർ	
൬. രാമനിലയം തൃശ്ശൂർ.	൫,൭൧൮.
൭. ഗസ്റ്റ്ഹൗസ് കന്യാകുമാരി	൨,൬൩൮.
൮. ടി കൊല്ലം.	൬,൦൪൦.
൯. അഡീഷണൽ ഗസ്റ്റ്ഹൗസ് കൊല്ലം.	൪,൦൨൦.
൧൦. ഗസ്റ്റ്ഹൗസ് കോട്ടയം.	൫,൯൯൬.
൧൧. ടി ആലുവാ.	൨,൭൩൮.
൧൨. ടി മൂന്നാർ	൧,൪൮൭.
൧൩. ടി പീരുമേട്	൩,൭൫൫.
൧൪. ഇടപ്പാളയംക്യാമ്പ്	൩,൬൨൯.
൧൫. കൃഷ്ണവിലാസം കൊട്ടാരം, എറണാകുളം.	൫,൪൭൫.
൧൬. ബോൾഗാട്ടി കൊട്ടാരം.	൪,൦൪൬.
൧൭. ആലുവാ കൊട്ടാരം.	൪,൦൮൨.
൧൮. ദേവികുളം കൊട്ടാരം.	൨,൦൪൫.

(സി) ൭.

സംയോജനത്തിനുശേഷം വന്നിട്ടുള്ള ഗവമ്മെണ്ടിന്റതിഥികൾ

൨൧. (൨) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി നല്കുമോ.—

(എ) സംയോജനത്തിനുശേഷം എത്രപേർ ഗവമ്മെണ്ട് അതിഥികളായി ഈ രാജ്യത്തിൽ വന്നിട്ടുണ്ട്;

(ബി) അങ്ങിനെ വന്നിട്ടുള്ള അതിഥികൾക്കു ഉദ്ദേശം എന്തു സംഖ്യ ചിലവു വന്നിട്ടുണ്ട്;

(സി) അവർ ഓരോരുത്തരും വന്ന ആവശ്യം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ഡി) അതിഥികളെ സ്വീകരിക്കുന്ന കാര്യത്തിൽ എന്തു നയമാണ് ഗവൺമെണ്ട് തുടർന്നുവരുന്നത്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൯൧. ഇതിൽ അവരുടെ കൂടെ ഉണ്ടായിരുന്ന ആളുകളെ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഉദ്ദേശം ൨൫, ൭൩൯ രൂപാ.

(സി) ഓരോ സന്ദർശനവും എന്താവശ്യത്തിനാണെന്നുള്ളതിന് പ്രത്യേകം റിക്കാർട്ട സൂക്ഷിച്ചിട്ടില്ല.

(ഡി) അതിഥികളുടെ സന്ദർശനം ഏതു കാര്യത്തെ ഉദ്ദേശിച്ചാണൊ ആ കാര്യത്തിന്റെ ഗൗരവവും അതിഥികളുടെ അന്തസ്സും മററും പരിഗണിച്ചു അപ്പോഴപ്പോൾ യഥായോഗ്യം ഉത്തരവുകൾ പാസ്സാക്കുകയാണ് ഗവൺമെണ്ടിന്റെ നയം.

കേസ്സുകളുടെ എണ്ണം

൨൨. (൩) **ശ്രീ. വി. കെ. വറുഗീസ്**: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

൧—൮—൧൯൫൦-ൽ സംസ്ഥാനത്തെ ഓരോ ഡിസ്ട്രിക്ട് കോടതികളിലും നിലവിലിരിക്കുന്ന കേസ്സുകളുടെ എണ്ണം എത്ര?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): കേസ്സുകളുടെ ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

(Schedule referred to in the answer)

Pendency of cases in the District Courts as it stood on 1st August 1950

Courts	O. S.	S.C.S.	L.A.R.	A. S.	C.M.A.	Sessions	Crl. Appeal
Nagercoil District Court ..	646	..	42	884	125	2	2
Trivandrum do. ..	764	..	324	936	180	3	15
Quilon do. ..	620	..	38	889	127	12	19
Mavelikara do. ..	352	9	110	1119	192	7	9
Alleppey do. ..	865	..	21	651	101	2	5
Kottayam do. ..	774	2	56	419	84	4	63
Parur do. ..	335	..	42	540	33	5	2
Trichur do. ..	427	..	45	522	46	24	16
Anjikaimal do. ..	617	..	..	366	..	5	4

പിന്നോക്കസമുദായക്കാർക്കു ഭൂമി പതിവു

൨൪. (൪) **ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി**: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ലാൻഡ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൪൯ ജനുവരി ൧-ാംനു- മുതൽ ൧൯൫൦ ആഗസ്റ്റ് ൩൧-ാംനു- വരെ പിന്നോക്കസമുദായങ്ങൾക്കു പതിച്ചോ, കുത്തകപ്പാട്ടമായോ കൊടുത്തിട്ടുള്ള ഭൂമി എത്രയെന്നു പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly